നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖലാ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മറ്റ് പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗങ്ങൾ എന്നിവ നടക്കുന്നു. ഓരോ നിയോജക മണ്ഡലത്തിലും അനുയോജ്യമായ കർമ്മപരിപാടികൾ ക്രോഡീകരിച്ച് ജില്ലാതലത്തിൽ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുന്നതാണ്. സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളായ ജൈവകൃഷി വ്യാപനവും, ജൈവസർട്ടിഫിക്കേഷനും, മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കിവരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപനം പ്രോത്സാഹന പദ്ധതികൾ എന്നിവ തുടരുന്നു. കൂടാതെ 2014-15-ൽ പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 500 ഹെക്ടർ വീതം പ്രദേശത്ത് ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും നടപ്പിലാക്കുന്നതിന് 3 വർഷം നീണ്ടുനിൽക്കുന്ന പദ്ധതിക്ക് ആർ.കെ.വി.വൈ.-യിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ആരംഭഘട്ടത്തിലാണ്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും എന്ന ഘടകം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 500 ഹെക്ടർ വീതം ഭൗതിക ലക്ഷ്യം കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലാണ് വ്യാപിപ്പിക്കുന്നത്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ജൈവകൃഷി വ്യാപിപ്പിക്കുന്നത്.

(സി) എല്ലാ ഭക്ഷ്യവിളകൾക്കും പ്രത്യേകിച്ച് പച്ചക്കറി ഫലവർഗ്ഗ കൃഷിക്ക് ജൈവകൃഷി രീതി ഉപയോഗപ്രദമാണ്. ജൈവകൃഷിയിലേക്ക് മാറുമ്പോൾ ആ കൃഷിയിടത്തിലെ എല്ലാവിളകളും ജൈവകൃഷി രീതിയിൽ മാത്രമേ കൃഷി ചെയ്യാൻ പാടുള്ളൂ എന്നതിനാൽ മറ്റ് വിളകളിലേയ്ക്കും ജൈവകൃഷി വ്യാപിപ്പിക്കുന്നതാണ്.

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

195 (3481) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര തുകയുടെ അനുമതിയാണ് ലഭിച്ചത് ;

(സി) കേന്ദ്രവിഹിതം എത്രയാണ് ;

(ഡി) സംസ്ഥാന വിഹിതം എത്രയാണ് ;

(ഇ) പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിക്കും വകയിരുത്തിയ തുക എത്ര ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര ;

(എഫ്) കുട്ടനാട് പാക്കേജിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചുവോ ; ഏതെല്ലാം പദ്ധതികൾക്ക് ഏതു വരെ കാലാവധി ദീർഘിപ്പിച്ചുവെന്നും കാലാവധി ദീർഘിപ്പിച്ച ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ടുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-7-2008-ൽ

(ബി) അംഗീകാരം ലഭിച്ചത് - 1840.40 കോടി രൂപ

അനുമതി ലഭിച്ചത് - 1270.267 കോടി രൂപ

അനുവദിച്ചത് - 522.388 കോടി രൂപ

(സി) 418.76 കോടി രൂപ.

(ഡി) 103.628 കോടി രൂപ

(ഇ) അനുബന്ധത്തിൽ കാണാവുന്നതാണ്.*

(എഫ്) കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻകീഴിൽ വരുന്ന പദ്ധതികൾക്ക് താഴെ കാണും പ്രകാരം പദ്ധതി പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടിനല്കിയിട്ടുണ്ട്:

KEL-1 പദ്ധതി - 118.91 കോടി രൂപ സമയപരിധി March 2015 വരെ

KEL-2 പദ്ധതി - 72.18 കോടി രൂപ സമയപരിധി March 2015 വരെ

KEL-3 പദ്ധതി - 379.05 കോടി രൂപ സമയപരിധി December 2016 വരെ

ഓണാട്ടുകര പദ്ധതി - 248.39 കോടി രൂപ - സമയപരിധി December 2016 വരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly